പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 4029 | 12/12/2018 ൽ മറുപടി<br>നല്കേണ്ടത്. |

## ഗുണമേന്മയില്ലാത്ത ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സജി ചെറിയാൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ചില കച്ചവടക്കാരും വഴിയോര കച്ചവടക്കാരും ഗുണമേന്മയില്ലാത്തതും ആവർത്തിച്ച് ഉപയോഗിച്ചതുമായ എണ്ണയിൽ പലഹാരങ്ങൾ ഉണ്ടാക്കുന്നതും പൊടിപടലങ്ങളും പ്രാണികളും ഉള്ള തുറസ്സായ സ്ഥലങ്ങളിൽ വിൽക്കുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ;ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>വഴിയോര കച്ചവടം നവീകരിക്കു കയും അതുവഴി സുരക്ഷിതമായ ആഹാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യു ന്നതിനു വേണ്ടി വഴിയോര കച്ചവടക്കാർക്ക് ഭക്ഷ്യ സുരക്ഷയുടെ ആവശ്യകതയെക്കുറിച്ച് ബോധവൽകരണ ക്ലാസുകൾ ഉൾപ്പടെ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തൊട്ടാകെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകളും നടത്തുന്നുണ്ട്. |
| ബി) | ഇറച്ചി കടകളോടനുബന്ധിച്ച് മൃഗങ്ങളുടെ കൊഴുപ്പ് ഉരുക്കി ഭക്ഷ്യ എണ്ണയോട് കലർത്തുന്നത് വകുപ്പ് തലത്തിൽ നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ടോ; നടപടി വിശദമാക്കാമോ? | ബി) | പ്രസ്തുത വിഷയം ശ്രദ്ധയിൽപെട്ടിട്ടില്ല. ഇതുസംബന്ധിച്ച് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ